**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2848** **06-10-2025 - ൽ മറുപടിയ്ക്ക്**

**ദേവസ്വം ബോർഡിന് നൽകേണ്ട നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാർക്ക് ക്ഷാമബത്ത ഉൾപ്പെടെയുള്ള ആനുകൂല്യ ഇനത്തിൽ എത്ര തുക കുടിശിക നൽകാനുണ്ടെന്നും പ്രസ്തുത ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യുന്നതിന് സാധിക്കാത്ത തരത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രതിസന്ധി നേരിടുന്നുണ്ടോയെന്നും വ്യക്തമാക്കുമോ; | (എ) | നിലവിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാർക്ക് ക്ഷാമബത്ത ഇനത്തിൽ കുടിശ്ശിക നൽകാനില്ല. സംസ്ഥാന സർക്കാർ നൽകുന്ന അതേ ക്രമത്തിൽ തന്നെ തിരുവിതാംകൂർ ദേവസ്വം ബോർഡിലും ക്ഷാമബത്ത അനുവദിച്ചു വരുകയാണ്. ആയതിനാൽ പ്രസ്തുത ആനുകൂല്യം വിതരണം ചെയ്യുന്നതിന് നിലവിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ പ്രതിസന്ധി നേരിടുന്നില്ല. |
| (ബി) | നിയമപ്രകാരം ദേവസ്വം ബോർഡിന് സർക്കാർ നൽകേണ്ട നഷ്ടപരിഹാരം ഉൾപ്പെടെയുള്ള തുകകളുടെ കുടിശിക അടിയന്തരമായി അനുവദിച്ചുകൊണ്ട് പ്രസ്തുത പ്രതിസന്ധി ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | തിരുവിതാംകൂർ ദേവസ്വം ബോർഡിന് മേൽ ചോദ്യം (എ) യിൽ പരാമർശിച്ച തരത്തിലുള്ള പ്രതിസന്ധി നിലവിലില്ല. ദേവസ്വം ബോർഡിന് സർക്കാർ നൽകേണ്ട Annual Contribution 2024-2025 സാമ്പത്തിക വർഷത്തെ 80 ലക്ഷം രൂപയിൽ 44 ലക്ഷം രൂപ അനുവദിച്ചുനൽകുകയുണ്ടായി. കുടിശ്ശിക തുക അനുവദിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ